## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 227 | 28.06.2016 -ൽ മറുപടിയ്ക്ക് |
|---|---|

**കുട്ടികൾക്കെതിരെയുള്ള ലൈംഗിക പീഡന കേസുകളുടെ വിചാരണ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീമതി. വീണാ ജോർജ്ജ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) | കുട്ടികൾ ലൈംഗീകമായി പീഡനത്തിന് ഇരയാകുന്ന കേസുകളുടെ വിചാരണ കുട്ടികൾ പ്രായപൂർത്തിയായിക്കഴിഞ്ഞാലും നീണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അവയ്ക്ക് അർഹമായ പ്രാധാന്യം നൽകി കേസ് പൂർത്തിയാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ? | ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പോക്സോ ആക്ട്) പ്രകാരമുള്ള കേസുകളിൽ നടപടിക്രമങ്ങൾ പോലീസ് സമയബന്ധിതമായി സ്വീകരിക്കണമെന്നും കേസിന്റെ വിചാരണ സ്പെഷ്യൽ കോടതി കുറ്റ വിചാരണയ്ക്കെടുക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം പൂർത്തിയാക്കണ മെന്നും പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ട്. (പോക്സോ ആക്ട്) 2012 സെക്ഷൻ 28 പ്രകാരം പോക്സോ കേസുകൾ വേഗത്തിൽ വിചാരണ ചെയ്യുന്നതിനായി എല്ലാ സംസ്ഥാനത്തും ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് ഓരോ ജില്ലയിലും ഓരോ സ്പെഷ്യൽ കോടതിയെ നിയമിക്കണമെന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 31.03.2015 - ലെ സ.ഉ (പി) നം.23/2015/സാനീവ നമ്പർ ഉത്തരവ് പ്രകാരം 14 സെഷൻ കോടതികളെ പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള ചിൽഡ്രൻസ് കോടതികളായി അധികാരപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ